ഹൈക്കോടതിയാണു് മുൻസിഫന്മാരുടെ സേവനം നൽകേണ്ടതു്. അതു സംബന്ധിച്ചു് അടിയന്തിരമായ നടപടികളും ഹൈക്കോടതി സ്വീകരിച്ചിട്ടുണ്ടു്. ജനുവരി 1—ാം തീയതിതന്നെ ആ നിയമം നടപ്പാക്കാൻ സാധിക്കുമായിരുന്നു, ടൈബ്യൂണലിന്റെ നിയമം നടന്നിരുന്നെങ്കിൽ, ഇനി കാലതാമസം ഉണ്ടാകുകയില്ല; കാലതാമസം ഉണ്ടാകുന്ന പക്ഷം, ശ്രീ. നാരായണക്കുറുപ്പിന്റെ നിർദ്ദേശം പരിഗണിക്കാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഇതു സംബന്ധിച്ചു് റൂംസു് ഉണ്ടാക്കിക്കഴിഞ്ഞോ ?

ശ്രീ. പി. ടി. ചാക്കോ : റൂംസു് മിക്കവാറും തീർന്നിരിക്കുകയാണു് അവസാന സ്ക്രൂട്ടിനി കഴിഞ്ഞു് ഈ നിയമസഭയിൽതന്നെ മേശപ്പുറത്തു വയ്ക്കാമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : മുൻസിഫന്മാരുടെ സേവനം കിട്ടാൻ ഹൈക്കോടതിയോടു് അപേക്ഷിച്ചിട്ടുണ്ടെന്നു പറഞ്ഞു. പല മുൻസിഫ് കോടതികളിലും സിവിൽകേസുകളും വളരെ കുറവാണു്; ചെങ്ങന്നൂർ മുൻസിഫ് കോടതിയിൽ ദിവസം കഷ്ടിച്ചു രണ്ടു കേസുപോലും വന്നു കാണാറില്ല. ആ സ്ഥിതിക്കു് അങ്ങനെയുള്ള മുൻസിഫന്മാരെ ടൈബ്യൂണലായി കൂടി നിയമിക്കാൻ വേണ്ട നടപടി എടുക്കുമോ ?

ശ്രീ. പി. ടി. ചാക്കോ : ലാൻഡു ടൈബ്യൂണലായി നിയമിക്കുന്നതിനു് ആവശ്യമുള്ള മുൻസിഫന്മാരെ വിട്ടുതരണമെന്നാണു് അപേക്ഷിച്ചിട്ടുള്ളതു്. ഏതെങ്കിലും മുൻസിഫന്മാരെ കേസു കുറവാണെന്ന കാരണത്താൽ, ലാൻഡു് ടൈബ്യൂണലായിക്കൂടി നിയമിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടതു് ഹൈക്കോടതിയായിരിക്കും.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : ഏതെങ്കിലും മുൻസിഫ് കോടതിയിൽ ദിവസം രണ്ടു കേസുമാത്രമേ വിചാരണയുള്ളു എന്നുണ്ടെങ്കിൽ അത്തരം മുൻസിഫന്മാരെ ടൈബ്യൂണലായി നിയമിക്കുന്നതു് ചെലവുകുറയ്ക്കാൻ പറഞ്ഞ മാർഗ്ഗമല്ലേ ?

ശ്രീ. പി. ടി. ചാക്കോ : സാധാരണഗതിയിൽ, കേസു കുറവുള്ളതായി കാണുന്ന കോടതികളും ആവശ്യമില്ലെന്നു കണ്ടാൽ നിറുത്തിവയ്ക്കുകയാണു് ഹൈക്കോടതിചെയ്തു വരുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ലാൻഡുടൈബ്യൂണലിന്റെ മേൽ ലാൻഡു് ബോർഡായതുകൊണ്ടു് മുൻസിഫന്മാരുടെ മേൽ ഹൈക്കോടതി ആയതുകൊണ്ടു് ഒരേ ആളിനെതന്നെ ഈ ജോലിക്കു നിശ്ചയിക്കുന്നതു വിഷമമല്ലേ ?

ശ്രീ. പി. ടി. ചാക്കോ : ഒരേ ആളിനെതന്നെ നിശ്ചയിക്കണമെന്നു് ആലോചിച്ചിട്ടില്ല എന്നു പറഞ്ഞു. അങ്ങനെ ചെയ്താൽ ഈ വിഷമതയെപ്പറ്റി ആലോചിക്കേണ്ടിവരും.

താലൂക്കു് ആശുപത്രികളുടെ വിപുലീകരണം.

* 13. [9] † ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1964-65 വർഷത്തിൽ ഏതെല്ലാം താലൂക്കു് ആശുപത്രികളാണു് വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടു് ;

(ബി) തൊടുപുഴ താലൂക്കാശുപത്രിയിൽ ഇപ്പോഴത്തെ എത്ര ബെഡ്ഡുകളാണു് അനുവദിച്ചിട്ടുള്ളതു് ; ബെഡ്ഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു നടപടി നടത്തുമോ ;

(സി) തൊടുപുഴ ആശുപത്രിയോടനുബന്ധിച്ചു് ഒരു 'മെറ്റേർണിറ്റി' വാർഡു് 1964-65 വർഷത്തിൽതന്നെ പണിയുന്നതിനു് ബഡ്ജറ്റിൽ വക കൊള്ളിക്കുമോ ?

† Put by Smt. Kusumom.

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 1964-65 വർഷത്തെ ബഡ്ജറ്റിൽ, ഈ വകയ്ക്കു എത്ര തുക വകയിരുത്താൻ സാധിക്കും എന്നറിഞ്ഞതിനുശേഷമേ, ഏതെല്ലാം താലൂക്കാശുപത്രികളുടെ വിപുലീകരണപ്പണികൾ നടത്താൻ സാധിക്കും എന്നു നിശ്ചയിക്കുകയുള്ളൂ.

(ബി) 36. ബഡ്ജറ്റു പാസ്സാക്കിയതിനുശേഷം അതിനെപ്പറ്റി പര്യാലോചിക്കുന്നതാണു്.

(സി) തൊടുപുഴ ആശുപത്രിക്കു് ഒരു മെറ്റേർണിറ്റി വാർഡു് പണിയിക്കുന്ന കാര്യം ഗവണ്മെൻറു് പരിഗണിച്ചുവരികയാണു്.

ശ്രീമതി കുസുമം : രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരൊറ്റ ആശുപത്രിമാത്രമുള്ള തൊടുപുഴയിലെ പ്രത്യേക പരിതഃസ്ഥിതി കണക്കിലെടുത്തു് താലൂക്കു് ആശുപത്രി വിപുലീകരിക്കാൻ പ്രത്യേകം പരിഗണിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രത്യേക പരിഗണനയുടെ പ്രശ്നമൊന്നുമില്ല. അടുത്ത ഒരു ദിവസം ആ സ്ഥലത്തുപോയപ്പോൾ, നാട്ടുകാർ തന്നെ പണം പിരിച്ചു് ഒരു വാർഡു പണിയാമെന്നേറ്റിരിക്കുകയാണു്. മറ്റു സൗകര്യങ്ങളും ഗവണ്മെൻറിൽനിന്നുണ്ടാക്കുന്നതിനു് ബഡ്ജറ്റിൽ എത്ര തുക വകയിരുത്തുന്നു എന്നറിയാതെ ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സാധാരണ താലൂക്കു് ആശുപത്രികളും വികസിപ്പിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായാലും ആവശ്യമുള്ള സ്റ്റാഫിനെ അനുവദിക്കാത്തതുകൊണ്ടു് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതോടൊപ്പം മറ്റു സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള പടി എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : സാധാരണചെയ്യുന്നതു അങ്ങനെയാണു്. പുതുതായി ഒരു വാർഡു് ഉണ്ടാക്കുമ്പോൾ ആവശ്യമുള്ള സാധനസാമഗ്രികളും സ്റ്റാഫും അനുവദിക്കപ്പെടുന്നുണ്ടു്. ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടി ക്രമം ഇതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : താലൂക്കു ആശുപത്രികളും വികസിപ്പിക്കാൻ നടപടി എടുക്കുമ്പോൾ, ഏറ്റവും കുറഞ്ഞ കിടക്കകളും ഉള്ള ആശുപത്രികളുടെ കാര്യം പ്രത്യേകം പരിഗണിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കിടക്കകളുടെ കുറവുമാത്രമല്ല ഈ കാര്യത്തിൽ പരിഗണിക്കപ്പെടുന്നതു്. കൂടുതൽ ആവശ്യമുള്ള പ്രദേശത്തേക്കു് കൂടുതൽ കിടക്കകളും അനുവദിക്കുകയാണു പതിവു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പു് : തലശ്ശേരി ആശുപത്രികെട്ടിടത്തിന്റെ പണി നിറുത്തിവച്ചിരിക്കുന്നതായിട്ടാണറിയുന്നതു്. എന്താണു് കാരണം ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇന്നത്തെ പത്രത്തിൽ അതിനു് ടെൻഡർ വിളിച്ചിട്ടുള്ളതായി കാണാം. ഫെബ്രുവരി മാസത്തിൽ അതിന്റെ പണി ആരംഭിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : താലൂക്കു ഹെഡ്കാർട്ടേഴ്സു് ആശുപത്രികളും വികസിപ്പിക്കുന്നതു്, ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണോ, മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : എന്തായാലും ആവശ്യം ബോദ്ധ്യപ്പെട്ടതിനുശേഷമായിരിക്കും തീരുമാനം എടുക്കുന്നതെന്നുള്ളതിനു സംശയമില്ല. മിക്കവാറും എല്ലാ താലൂക്കു ആശുപത്രികളിലും കുറേ ബഡ്ഡുകൾ വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ട്. ആവശ്യമനുസരിച്ച് പ്രയോറിട്ടി നിശ്ചയിച്ചു കുറേ ആശുപത്രികളുടെ പണി നടത്തിവരികയാണു്.

ശ്രീ. ആർ. സുഗതൻ : ഹരിപ്പാട്ടു ആശുപത്രി വിപുലീകരിക്കുന്നതിനു് നാലുകൊല്ലം മുൻപു് സ്ഥലം അക്വയർചെയ്തതാണു്. അതിന്റെ പണി പൂർത്തിയാക്കാത്തതിന്റെ കാരണമെന്താണു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതു പ്രത്യേകം ചോദിക്കണം.

പോലീസ് വെരിഫിക്കേഷൻ

* 14. [11] ശ്രീ. പി. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക്കു് സർവ്വീസ്കമ്മീഷൻ ശുപാർശയനുസരിച്ചു് സക്കാർ സർവ്വീസിലേക്കു് നിയമനം നടത്തുന്നതിനുമുമ്പായി ഉദ്യോഗാർത്ഥിയുടെ antecedents അന്വേഷിക്കാറുണ്ടോ ;

(ബി) ഈ അന്വേഷണം നടത്തുന്ന അവസരത്തിൽ ഏതെല്ലാം കാര്യങ്ങളാണു് അന്വേഷിക്കുന്നതു് ;

(സി) ഏതെങ്കിലും ഉദ്യോഗാർത്ഥിയെക്കുറിച്ചു് ആരെങ്കിലും തെറ്റായ വിവരം റിപ്പോർട്ട ചെയ്യുന്നതിന്റെ ഫലമായി പി. എസ്. സി. യുടെ advice റദ്ദു് ചെയ്യപ്പെടുമ്പോൾ അതു തിരുത്തുവാനുള്ള നടപടികളും ഏതെല്ലാമാണു് ;

(ഡി) സർവ്വീസിൽ ഇരിക്കുന്നവർതന്നെ ഏതെങ്കിലും പുതിയ തസ്തികയിലേക്കു് പി. എസ്. സി. വഴി അപേക്ഷിക്കുകയും സെലക്ഷൻ കിട്ടുകയും ചെയ്താൽ അവരുടെ കാര്യത്തിൽ വീണ്ടും വെരിഫിക്കേഷൻ ആവശ്യമുണ്ടോ;

(ഈ) പോലീസ് വെരിഫിക്കേഷൻമൂലം 1960 മുതൽ 1963 വരെയുള്ള കാലഘട്ടത്തിൽ പി. എസ്. സി. യുടെ സെലക്ഷൻ ക്യാൻസൽ ചെയ്യിട്ടുള്ളവരുടെ സംഖ്യ എത്ര ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) ഉണ്ടു്.

(ബി) ഉദ്യോഗാർത്ഥികളുടെ സ്വഭാവവും, പൂർവ്വകാലപ്രവർത്തനങ്ങളും, നിർദ്ദിഷ്ടസ്ഥാനങ്ങളിൽ നിയമിക്കപ്പെടാൻ അവരെ യോഗ്യരാക്കുന്ന തരത്തിലാണോ എന്നും അന്വേഷിക്കുന്നുണ്ടു്.

(സി) ഇത്തരം സംഭവങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നാൽ ഉടനെ തക്കതായ നടപടികളും കൈക്കൊള്ളുന്നതാണു്.

(ഡി) ഉണ്ടു്.

(ഈ) പൊതുതാൽപര്യത്തെ മുൻനിറുത്തി ഈ വിവരം വെളിപ്പെടുത്താൻ നിവ്വാഹമില്ല.

ശ്രീ. പി. ആർ. കൃഷ്ണൻ : പോലീസ് വെരിഫിക്കേഷനുശേഷം സർവ്വീസിലിരിക്കുന്നവരെ മറ്റേതെങ്കിലും ഉദ്യോഗത്തിൽ നിയമിക്കുമ്പോൾ വീണ്ടും പോലീസ് വെരിഫിക്കേഷൻ നടത്താറുണ്ടോ? അതിന്റെ ആവശ്യമെന്താണു്?

ശ്രീ. പി. ടി. ചാക്കോ : ആദ്യം ഉണ്ടായ ചട്ടം അനുസരിച്ചു് അങ്ങനെ അന്വേഷിച്ചിരുന്നു. അതിൽ ഭേദഗതിവരുത്തി; ഒരു തവണ വെരിഫിക്കേഷൻകഴിഞ്ഞു് നിയമിക്കപ്പെട്ട ഒരാൾ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ വീണ്ടും നിയമിക്കപ്പെട്ടാൽ പിന്നെ പോലീസ് വെരിഫിക്കേഷൻ ആവശ്യമില്ലെന്നു വ്യവസ്ഥചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly